Reg. No. : ....................................

Name : .......................................

**Code No. 8002**

*For Scheme-I & Scheme-II Candidates*

**Second Year – 2015**
**SAY / IMPROVEMENT**

HSSLiVE.IN
HSSLiVE.IN

Time : 2 $\frac{1}{2}$ Hours
Cool-off time : 15 Minutes

Part – II

# മലയാളം
# (MALAYALAM)

Maximum : 80 Scores

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. കാരണം കണ്ടെത്തുക.

   - ഇവിടെ പരസ്യം പതിക്കാൻ പാടില്ല.
   - പുകവലി പാടില്ല.
   - ഇതുവഴി ലോറി ഓടിക്കാൻ പാടില്ല.
   - ഇതുവഴി നടക്കാൻ പാടില്ല.

   മുകളിൽ കൊടുത്തിരിക്കുന്ന വാക്യങ്ങൾ രണ്ടർത്ഥം ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിന്നടിസ്ഥാനമായ കാരണം കണ്ടെത്തി എഴുതുക. **(അരപ്പുറം – സ്കോർസ് : 6)**

2. കുറിപ്പ് തയ്യാറാക്കുക.

'കൊമാല' എന്ന കഥയിൽ വിശ്വൻ കുണ്ടൂർ നേരിടുന്ന പ്രശ്നങ്ങൾ ടി.വി.യിലെ ന്യൂസ് അവറിൽ അതുമായി ബന്ധപ്പെട്ടവർ ചർച്ച ചെയ്യുന്ന കാര്യങ്ങൾ എന്ന നിലയിലാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ പ്രശ്നത്തിൽ ബാങ്കിന്റെ നിലപാടുകളെപ്പറ്റി പ്രസിഡന്റ് നടത്തുന്ന വിശദീകരണം ഒരു കുറിപ്പായി തയ്യാറാക്കുക. **(ഒരുപുറം – സ്കോർസ് : 8)**

3. വിവരണക്കുറിപ്പ് തയ്യാറാക്കുക.

"സ്നേഹത്താൽ നിത്യം തടം നനപ്പിൻ; ദയാ-
ദോഹളം നല്കുവിൻ പൂവിനെല്ലാം."

ഈ വരികളിൽ തെളിയുന്ന ആശയം കണ്ടെത്തുക. സമകാലിക സമൂഹത്തിൽ കാണുന്ന പ്രവണതകൾ ഇതിനനുകൂലമാണോ എന്നു പരിശോധിച്ച് വിവരണക്കുറിപ്പ് തയ്യാറാക്കുക. **(ഒരുപുറം – സ്കോർസ് : 6)**

4. പ്രബന്ധം തയ്യാറാക്കുക.

"ദാരിദ്ര്യമാണ് പഥേർ പാഞ്ചാലിയിലെ മുഖ്യ പ്രമേയം; മോഷണവും രോഗവും മരണവുമെല്ലാം അതിന്റെ അനുബന്ധങ്ങൾ മാത്രം."

പഥേർ പാഞ്ചാലിയിലെ ഒന്നിലധികം രംഗങ്ങളെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിച്ച് പ്രബന്ധം തയ്യാറാക്കുക.

**(ഒന്നരപ്പുറം – സ്കോർസ് : 8)**

HSSLiVE.IN HSSLiVE.IN

5. ഔചിത്യം വിശദമാക്കുക.

"നിൻകുടിയൊഴിഞ്ഞീടണം, ഞങ്ങൾ
നിൻ കുടിയൊഴിപ്പിക്കുമല്ലെങ്കിൽ !
തേവിടിശ്ശി, നിയെന്തിനേ കഞ്ഞി
തേവിവെച്ചത് ? ചോറെനിക്കില്ലേ"

ഈ വരികളുടെ അർത്ഥ സാദ്ധ്യതകൾ കണ്ടെത്തി പ്രയോഗങ്ങളുടെ ഔചിത്യം വിശദമാക്കുക. **(ഒരുപുറം – സ്കോർസ് : 6)**

6. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

"പ്രണയമത്രമേൽ ഹ്രസ്വമാം, വിസ്മൃതി-
യതിലുമെത്രയോ ദീർഘം !"

കവിക്ക് ഇങ്ങനെ തോന്നാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കി ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. **(ഒരുപുറം – സ്കോർസ് : 6)**

7. താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക.

- It could be dangerous to drive so fast.
- The police has also confirmed the bomb was inside a tiffin box.

**(രണ്ടുവാക്യം – സ്കോർസ് : 4)**

HSSLiVE.IN HSSLiVE.IN

8. ലഘു പ്രബന്ധം തയ്യാറാക്കുക.

വൃദ്ധ സദനങ്ങളുടെ എണ്ണം കേരളത്തിൽ പതിന്മടങ്ങു വർദ്ധിച്ചു വരുന്നു. ഇതിനാസ്പദമായ സാമൂഹിക സാഹചര്യങ്ങളെ വിശകലനം ചെയ്ത് ഒരു ലഘു പ്രബന്ധം തയ്യാറാക്കുക. **(ഒന്നരപ്പുറം – സ്കോർസ് : 8)**

9. വിശകലനക്കുറിപ്പ് തയ്യാറാക്കുക.

'ബഷീർ ദ മാൻ' എന്ന ഡോക്യുമെന്ററി സിനിമയുടെ തിരക്കഥ പരിചയപ്പെട്ടല്ലോ ? ഫീച്ചർ സിനിമ ഡോക്യുമെന്ററിയിൽനിന്ന് എങ്ങനെ വ്യത്യാസപ്പെടുന്നുവെന്ന് പരിശോധിച്ച് വിശകലനക്കുറിപ്പ് തയ്യാറാക്കുക. **(ഒരുപുറം – സ്കോർസ് : 8)**

10. കഥാപാത്ര സ്വഭാവം തയ്യാറാക്കുക.

'ഹിഗ്വിറ്റ' എന്ന കഥയിലെ 'ജബ്ബാർ' എന്ന കഥാപാത്രത്തിന്റെ സ്വഭാവത്തെ വിശകലനം ചെയ്ത് കഥാപാത്ര സ്വഭാവം തയ്യാറാക്കുക. **(ഒരുപുറം – സ്കോർസ് : 6)**

11. കുറിപ്പെഴുതുക.

'തിരസ്കാര'ത്തിൽ ചന്തകളെ കവണക്കൈകളോടു കൂടിയവയെന്നും നഗരങ്ങളെ തോക്കിൻ കണ്ണുള്ളവയെന്നും വിശേഷിപ്പിക്കുന്നുണ്ടല്ലോ. ഈ വിശേഷണങ്ങളിലൂടെ കവി ധ്വനിപ്പിക്കുന്ന സാമൂഹികാവസ്ഥ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**(ഒരുപുറം – സ്കോർസ് : 6)**

12. വിശദീകരണക്കുറിപ്പ് തയ്യാറാക്കുക.

സ്കൂളിൽ നടത്തുന്ന നാടൻ കലാപ്രദർശനത്തിന്റെ ആവശ്യത്തിനായി പ്രദർശിപ്പിക്കാൻ, 'മറുത്തുകളി'യുടെ അവതരണരീതി പരിചയപ്പെടുത്തുന്ന വിശദീകരണക്കുറിപ്പ് തയ്യാറാക്കുക. **(ഒരുപുറം – സ്കോർസ് : 8)**

HSSLiVE.IN HSSLiVE.IN